**ആർ.ആർ.9 -12280/2013** രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലുടെ ഓഫീസ്,

തിരുവനന്തപുരം, തീയതി 31.12.2013

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ**

**തിരുവനന്തപുരം**

**എല്ലാ ജില്ലാ രജിസ്ട്രാർ (ജനറൽ )മാർക്കും**

സർ,

**വിഷയം:- രജിസ്ട്രേഷൻ വകുപ്പ് - ട്രസ്റ്റ് ആധാരങ്ങളുടെ സ്റ്റാമ്പും ഫീസും ഈടാക്കുന്നത് - സംബന്ധിച്ച് -**

**സൂചന:- സർക്കാരിന്റെ 21.5.2013 ലെ 11308/E2/13/TD നമ്പർ കത്ത്.**

ട്രസ്റ്റ് ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് 1959 ലെ കേരള മുദ്രപ്പത്ര നിയമം ഷെഡ്യൂൾ 21,22 പ്രകാരം വിലയാധാരത്തിന്റെയും, ഷെഡ്യൂൾ 57 പ്രകാരം ട്രസ്റ്റിന്റെയും, ഷെഡ്യൂൾ 10 പ്രകാരം ആർട്ടിക്കിൾ ഓഫ് അസോസിയേഷന്റെയും സ്റ്റാമ്പും ഫീസും ഈടാക്കുന്നതായി സൂചന പ്രകാരം പരാതി ലഭിച്ചിരിക്കുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു.

ട്രസ്റ്റ് എന്നത് ഒരാൾ തന്റെ മുതലിന്റെ ഉടമസ്ഥതയെ മറ്റൊരാളിന്റെ ഗുണത്തിനായിട്ടോ തന്റെയും മറ്റൊരാളിന്റെയും ഗുണത്തിനായിട്ടോ വിനിയോഗിക്കാവാൻ ഉദ്ദേശിച്ചുകൊണ്ട് നിശ്ചയിച്ചുവയ്ക്കുന്നതാണ്. 1959 ലെ കേരള മുദ്രപ്പത്ര നിയമം 57(എ) പ്രകാരം തീറാധാരത്തിന്റെ നിരക്കിലാണ് ട്രസ്റ്റിന്(ഭരമേൽപ് ശാസനം) മുദ്ര ചുമത്തേണ്ടത്.

എന്നാൽ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്നവയും ലാഭത്തിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയും ആയ കമ്പനികൾക്കു മാത്രമാണ് ആർട്ടിക്കിൾ 10 അനുസരിച്ച് Article of Association of company (ഒരു കമ്പനിയായി കൂടുന്നതിലേക്കുള്ള ചട്ടങ്ങൾ) എന്ന കരണത്തിന് മുദ്ര ചുമത്തേണ്ടത്. 1.4.2013 മുതൽ 10000/- രൂപയാണ് ടി കരണങ്ങളുടെ മുദ്രസല. കേന്ദ്ര നിയമ പ്രകാരമാണ് കമ്പനികൾ രജിസ്റ്റർ ചെയ്യുന്നത്. കമ്പനികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തവുമാണ്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ആർട്ടിക്കിൾ 57(എ) പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ട്രസ്റ്റുകൾക്ക് ആർട്ടിക്കിൾ 10 പ്രകാരമുള്ള Article of Association of a Company യ്ക്കുള്ള മുദ്രവില കൂടി ചുമത്തേണ്ടആവശ്യമില്ല. ആയതിനാൽ ആധാരം വിശദമായി പരിശോധിച്ച് സ്വഭാവം തിട്ടപ്പെടുത്തി ആവശ്യമായ മുദ്രസലയും രജിസ്ട്രേഷൻ ഫീസും മാത്രം ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനു വേണ്ടി**